ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 07.09.2025** **TIME: 07.25 PM**

## പ്രധാന വാർത്തകൾ

1. ശ്രീനാരായണ ഗുരുവിന്റെ തത്വങ്ങൾ ഇന്നും സമൂഹത്തിന് പ്രചോദനമേകുന്നതായി പ്രധാനമന്ത്രി.

   **The principles of Sree Narayana Guru still inspire the society, says Prime Minister Narendra Modi.**

2. ഇന്ത്യയുടെ 17-ാമത് ഉപരാഷ്ട്രപതി തെരഞ്ഞെടുപ്പ് മറ്റന്നാൾ.

   **India's 17th Vice Presidential election will be held day after tomorrow.**

3. കേരളത്തിൽ ഓണം വാരാഘോഷത്തിന് ചൊവ്വാഴ്ച സമാപനം; തൃശൂരിലെ പുലികളി സംഘങ്ങൾക്ക് ടൂറിസം മന്ത്രാലയം 3 ലക്ഷം രൂപ വീതം ഗ്രാന്റ് അനുവദിക്കുമെന്ന് കേന്ദ്രസഹമന്ത്രി സുരേഷ് ഗോപി.

   **Onam week celebrations in Kerala concludes on Tuesday; Union Minister of State for Tourism Suresh Gopi says that the Ministry of Tourism will provide a grant of Rs 3 lakh each to Pulikali teams in Thrissur.**

4. ആകാശ വിസ്മയമായി പൂർണ്ണ ചന്ദ്രഗ്രഹണം ഇന്ന് ദൃശ്യമാകും.

   **A rare total lunar eclipse to take place tonight across India.**

5. ഏഷ്യ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ- ദക്ഷിണ കൊറിയ പോരാട്ടം.

**India and South Korea to clash in final of Men's Asia Cup Hockey Championship at Rajgir this evening.**

6. യു എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കലാശപ്പോരിൽ ഇന്ന് യാനിക് സിന്നർ- കാർലോസ് അൽകരാസിനെ നേരിടും.

**Top seed Jannik Sinner and second seed Carlos Alcaraz will meet in the US Open men's singles final in New York tonight.**

**&&&&&&&&&&&&&&&&&**

## PM-NARAYANA GURU

ശ്രീനാരായണ ഗുരുവിന്റെ ജയന്തി ദിനത്തിൽ, പ്രധാനമന്ത്രി നരേന്ദ്ര മോദി അദ്ദേഹത്തിന്റെ ദർശനങ്ങളെയും സമൂഹത്തിൽ ചെലുത്തിയ സ്വാധീനത്തെയും അനുസ്മരിച്ചു. സമത്വം, കാരുണ്യം, സാർവത്രിക സാഹോദര്യം എന്നിവയെക്കുറിച്ചുള്ള ഗുരുവിന്റെ തത്വങ്ങൾ വ്യാപകമായി പ്രതിധ്വനിക്കുന്നുണ്ടെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. സാമൂഹിക പരിഷ്കരണത്തിനും തുടർ വിദ്യാഭ്യാസത്തിനുമുള്ള ശ്രീ നാരായണ ഗുരുവിന്റെ ആഹ്വാനം തലമുറകളെ പ്രചോദിപ്പിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

*********************

## AMITSHAH-SREE NARYANA GURU

ശ്രീനാരായണ ഗുരുവിന് ശ്രദ്ധാഞ്ജലി അർപ്പിച്ച് കേന്ദ്ര മന്ത്രി അമിത്ഷാ. സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ അവസാനിപ്പിക്കാനും, പാർശ്വവൽക്കരിക്കപ്പെട്ട ജനതയെ കൈപിടിച്ചുയർത്താനും ജീവിതം ഉഴിഞ്ഞുവെച്ച സാമൂഹിക

പരിഷ്കർത്താവായിരുന്നു ശ്രീ നാരായണഗുരുവെന്ന് അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ശ്രീ നാരായണ ഗുരു വിവേചനത്തെ വെല്ലുവിളിക്കുകയും എല്ലാവരെയും ഉൾക്കൊള്ളുന്ന ഒരു സമൂഹത്തിനായി പ്രവർത്തിക്കുകയും ചെയ്യതായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി അനുസ്മരിച്ചു.

*********************

## VP ELECTION

ഇന്ത്യയുടെ 17-ാമത് ഉപരാഷ്ട്രപതിയെ തിരഞ്ഞെടുക്കാനുള്ള വോട്ടെടുപ്പ് മറ്റന്നാൾ. ഫലപ്രഖ്യാപനവും അന്ന് തന്നെ ഉണ്ടാകും. ഇരു സഭകളിൽ നിന്നുള്ള 788 വോട്ടർമാരുടെ ഇലക്ടറൽ കോളേജാണ് ഉപരാഷ്ട്രപതിയെ തീരുമാനിക്കുക. മഹാരാഷ്ട്ര ഗവർണർ സി. പി. രാധാകൃഷ്ണനാണ് NDA-യുടെ ഉപരാഷ്ട്രപതി സ്ഥാനാർഥി. സുപ്രീം കോടതി മുൻ ജസ്റ്റിസ് ബി. സുദർശൻ റെഡ്ഡിയാണ് പ്രതിപക്ഷ സഖ്യത്തിന്റെ സ്ഥാനാർഥി.

*********************

## GST REFORMS- MSME (INTRO)

ചരക്കുസേവന നികുതിയിൽ കൊണ്ടുവന്ന പുതുതലമുറ പരിഷ്കാരങ്ങൾ സൂക്ഷ്മ-ചെറുകിട- ഇടത്തരം സംരംഭങ്ങൾക്ക് ഏറെ പ്രയോജനം ചെയ്യുമെന്ന് വിലയിരുത്തൽ. ഈ മാസം 22 മുതലാണ് ജി.എസ്.ടി.-യിലെ മാറ്റങ്ങൾ പ്രാബല്യത്തിൽ വരുന്നത്.

**ഒരു റിപ്പോർട്ട്...**

(വോയിസ്)

*പരോക്ഷനികുതി പരിഷ്കാരങ്ങളുടെ ഭാഗമായി പാക്കിങ് സാമഗ്രികൾ, പെട്ടികൾ, കാർട്ടനുകൾ എന്നിവയുടെ വിലയിൽ കുറവുണ്ടാകും. ഷിപ്മെൻറ് ചിലവ് കുറക്കാനും, ഓൺലൈൻ വിപണനം ഉൾപ്പെടെയുള്ള മേഖലകളെ മത്സരക്ഷമമാക്കാനും ഇത് സഹായിക്കും. ട്രക്കുകൾ, ഡെലിവറി വാനുകൾ എന്നിവയുടെ നികുതി ഇരുപത്തിയെട്ടിൽ നിന്ന് പതിനെട്ട് ശതമാനമാക്കി കുറച്ചിട്ടുണ്ട്. വിതരണ ശൃംഖലയുടെ കാര്യക്ഷമത വർധിക്കാനും, ചരക്കു നീക്ക ചിലവ് കുറയാനും ഇത് വഴി വയ്ക്കും. ഇ-കൊമേഴ്സ്, ചെറുകിട വാണിജ്യങ്ങൾ എന്നിവർക്ക് ഉൾപ്പെടെ പരിഷ്കാരങ്ങൾ ഗുണം ചെയ്യുമെന്ന് മേഖലയിലെ നിരവധി സംരംഭകർ പ്രതികരിച്ചു. ഈ മാസം മൂന്നിന് ചേർന്ന ചരക്കുസേവന നികുതി കൗൺസിൽ യോഗമാണ് പരിഷ്കരണ നിർദ്ദേശങ്ങൾക്ക് അംഗീകാരം നൽകിയത്. പരിഷ്കാരങ്ങളുടെ ഭാഗമായി ജി എസ് ടി സ്ലാബുകളുടെ എണ്ണം രണ്ടാക്കി പുനർക്രമീകരിച്ചു. ഒപ്പം, നിത്യോപയോഗ സാധനങ്ങൾ ഉൾപ്പെടെ നിരവധി വസ്തുക്കളുടെ നികുതി കുറക്കുകയും ചെയ്തു.*

*ന്യൂസ് ഡെസ്ക്, ആകാശവാണി.*

*********************

# ITR FILING

2024–25 സാമ്പത്തിക വർഷത്തിലെ ആദായ നികുതി റിട്ടേണുകൾ സമർപ്പിക്കാനുള്ള അവസാന തീയതി ഈ മാസം 15 വരെ. വൈകിയുള്ള നികുതി സമർപ്പണത്തിന് പിഴയും പലിശയും ഈടാക്കും.

*********************

# FIT INDIA-MANDAVIYA

രാജ്യത്ത് ഞായറാഴ്ചകളിൽ യാത്രക്ക് സൈക്കിൾ ഉപയോഗിക്കുന്ന ശീലം വർദ്ധിച്ചു വരുന്നതായി കേന്ദ്ര കായിക മന്ത്രി മൻസുഖ് മാണ്ഡവ്യ. ന്യൂഡൽഹിയിൽ ഇന്ത്യൻ റെയിൽവേയുമായി സഹകരിച്ച് 'അഭിമാനപൂർവം സ്വദേശി' എന്ന സന്ദേശം പ്രചരിപ്പിക്കുന്ന പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി. രാജ്യത്തുടനീളം എണ്ണായിരത്തിലധികം സ്ഥലങ്ങളിൽ പരിപാടി സംഘടിപ്പിച്ചതായി അദ്ദേഹം പറഞ്ഞു.

*********************

## JITENDRA- STUDENT

ദേശീയ വിദ്യാഭ്യാസ നയം, യുവജനങ്ങളുടെ സർഗാത്മകശേഷിയെ സ്വതന്ത്രമാക്കിയതായി കേന്ദ്രമന്ത്രി ജിതേന്ദ്ര സിംഗ്. അന്താരാഷ്ട്ര ഭൗമ ശാസ്ത്ര ഒളിമ്പ്യാഡിൽ വിജയിച്ച വിദ്യാർത്ഥികളെ അനുമോദിക്കുന്ന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. സർക്കാർ ഒരുക്കുന്ന വിവിധ സൗകര്യങ്ങൾ വിനിയോഗിച്ച്, സമൂഹത്തിന് പ്രയോജനകരമായി ആശയങ്ങളെ പ്രാവർത്തികമാക്കാൻ കേന്ദ്രമന്ത്രി ആഹ്വാനം ചെയ്തു.

*********************

## KERALA BOAT RACE

ആലപ്പുഴയിലെ ടൂറിസവുമായി ബന്ധപ്പെട്ട പദ്ധതികൾക്ക് പരമാവധി പരിഗണന നൽകുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ആലപ്പുഴ ജില്ലയിൽ പായിപ്പാട് വള്ളംകളി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ വിഗ്രഹ പ്രതിഷ്ഠയുടെ സ്മരണയിലാണ് വള്ളം കളി സംഘടിപ്പിക്കുന്നത്.

*********************

## ONAM CELEBRATIONS

കേരള സർക്കാരിന്റെ ഓണം വാരാഘോഷത്തിന് സമാപനം കുറിച്ചുള്ള സാംസ്കാരിക ഘോഷയാത്ര മറ്റെന്നാൾ തലസ്ഥാന നഗരിയിൽ നടക്കും. ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഫ്ളാഗ് ഓഫ് ചെയ്യും. വെള്ളയമ്പലത്ത് നിന്ന് കിഴക്കേകോട്ട വരെ നീളുന്ന ഘോഷയാത്രയിൽ നിരവധി കേരളീയ പാരമ്പര്യ കലാരൂപങ്ങൾക്കൊപ്പം ഇന്ത്യയിലെ വിവിധ സ്ഥലങ്ങളിൽ നിന്നുള്ള കലാരൂപങ്ങളും അണിനിരക്കും. തൊണ്ണൂറ്റിയൊന്ന് ദൃശ്യ- ശ്രവ്യകലാരൂപങ്ങളും കരസേനയുടെ ബാന്റ് സംഘവും ഘോഷയാത്രയ്ക്ക് മികവേകും. ഓണാഘോഷങ്ങൾക്ക് മാറ്റ്കൂട്ടുന്ന പുലികളി നാളെ തൃശ്ശൂരിൽ നടക്കും.

*********************

## SURESH GOPI- PULIKALI

തൃശ്ശൂരിലെ പുലികളി സംഘങ്ങൾക്ക് വിനോദ സഞ്ചാര മന്ത്രാലയത്തിന്റെ DPPH പദ്ധതിക്ക് കീഴിൽ 3 ലക്ഷം രൂപ വീതം അനുവദിക്കുമെന്ന് കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി. ഇത് സാധ്യമാക്കാൻ സഹായിച്ച കേന്ദ്ര വിനോദസഞ്ചാര മന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്തിന് നന്ദി അറിയിക്കുന്നതായും ശ്രീ. സുരേഷ് ഗോപി സമൂഹമാധ്യമത്തിൽ കുറിച്ചു. തഞ്ചാവൂർ ആസ്ഥാനമായുള്ള ദക്ഷിണ മേഖലാ സാംസ്കാരിക കേന്ദ്രം സംഘങ്ങൾക്ക് 1 ലക്ഷം രൂപ വീതം സംഭാവന നൽകുമെന്നും അദ്ദേഹം അറിയിച്ചു.

*********************

## SCHOOL RE-OPENS

ഓണാവധിക്ക് ശേഷം കേരളത്തിലെ സ്കൂളുകൾ നാളെ തുറക്കും. പാദവാർഷിക പരീക്ഷയുടെ ഫലം പ്രഖ്യാപിച്ചശേഷം 30 ശതമാനം മാർക്ക് ലഭിക്കാത്തവർക്ക് പഠന പിന്തുണ നൽകും. ഇതു സംബന്ധിച്ച് മാർഗ നിർദേശങ്ങൾ വ്യക്തമാക്കി പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കുലർ പുറപ്പെടുവിച്ചു.

*********************

## LUNAR ECLIPSE

ഇന്ന് സമ്പൂർണ ചന്ദ്രഗ്രഹണം. അഞ്ച് മണിക്കൂർ നീണ്ടു നിൽക്കുന്ന ഗ്രഹണം, രാത്രി പൂർണതയിൽ 82 മിനിറ്റ് ദൃശ്യമാകും. ഈ സമയം ചുവപ്പ് നിറത്തിൽ ചന്ദ്രനെ കാണാം. നഗ്നനേത്രങ്ങൾ കൊണ്ടുതന്നെ ചന്ദ്രനെ സുരക്ഷിതമായി കാണാൻ സാധിക്കും. ഇന്ന് രാത്രി 8:58 ന് ഗ്രഹണം ആരംഭിച്ച് നാളെ ഇന്ത്യൻ സമയം പുലർച്ചെ 2:25 ന് അവസാനിക്കും. ഡൽഹി, മുംബൈ, കൊൽക്കത്ത, പൂനെ, ലഖ്നൗ, ഹൈദരാബാദ്, ചണ്ഡീഗഢ് തുടങ്ങിയ നഗരങ്ങളിലായിരിക്കും സമ്പൂർണ ചന്ദ്രഗ്രഹണം ദൃശ്യമാകുക.

*********************

## US OPEN (INTRO)

യു എസ് ഓപ്പൺ ടെന്നീസ് പുരുഷ സിംഗിൾസ് കലാശപ്പോരിൽ ഇന്ന് യാനിക് സിന്നർ, കാർലോസ് അൽകരാസിനെ നേരിടും.

**വിശദാംശങ്ങളിലേക്ക്...**

(വോയിസ്)

*സെർബിയൻ ഇതിഹാസതാരം നൊവാക് ജോക്കോവിച്ചിനെ സെമിയിൽ പരാജയപ്പെടുത്തിയാണ് അൽകരാസ് ഫൈനലിലേക്ക് കടന്നത്. കാനഡയുടെ ഫെലിക്സി ഓഗർ അലിയാസിമിനെ മറികടന്നായിരുന്നു സിന്നർ കലാശപ്പോരിൽ എത്തിയത്. സിന്നറുടെ തുടർച്ചയായ അഞ്ചാം ഗ്രാൻഡ് സ്ലാം ഫൈനൽ ആണിത്. ഒന്നാം സീഡും നിലവിലെ ചാമ്പ്യനുമാണ് ഇറ്റാലിയൻ താരം യാനിക് സിന്നർ. രണ്ടാം സീഡും, 2022 ലെ ചാമ്പ്യനുമാണ് സ്പെയിനിന്റെ കാർലോസ് അൽകരാസ്. ഈ സീസണിൽ ഇരുവരും നേർക്കുനേർ വരുന്ന മൂന്നാം ഗ്രാൻഡ്സ്ലാം ഫൈനൽ കൂടിയാണിത്. ഫ്രഞ്ച് ഓപ്പൺ, അൽകരാസ് സ്വന്തമാക്കിയപ്പോൾ, സിന്നർ വിംബിൾഡൺ കിരീടം സ്വന്തമാക്കി. ന്യൂയോർക്കിലെ ആർതർ ആഷ് സ്റ്റേഡിയത്തിൽ നടക്കുന്ന മത്സരത്തിന്, ഇന്ത്യൻ സമയം രാത്രി പതിനൊന്ന് മുപ്പതിന് തുടക്കമാകും. ഇന്നലെ നടന്ന വനിതാ സിംഗിൾസിൽ അമാൻഡ അനിസിമോവയെ നേരിട്ടുള്ള സെറ്റുകൾക്ക് പരാജയപ്പെടുത്തി ആര്യാന സബലങ്ക കിരീടം നിലനിർത്തിയിരുന്നു.*

*ന്യൂസ് ഡെസ്ക്, ആകാശവാണി..*

*********************

## ASIA CUP HOCKEY

ബിഹാറിൽ നടക്കുന്ന ഏഷ്യ കപ്പ് പുരുഷ ഹോക്കി ചാമ്പ്യൻഷിപ്പ് ഫൈനലിൽ ഇന്ത്യ- ദക്ഷിണ കൊറിയയെ നേരിടുന്നു. അതേസമയം ചൈനയെ 4-1 ന് പരാജയപ്പെടുത്തി മലേഷ്യ മൂന്നാം സ്ഥാനം നേടി.

*********************

## WORLD-ARCHERY

ലോക അമ്പെയ്ത്ത് മത്സരത്തിൽ ഇന്ത്യൻ പുരുഷ കോമ്പൗണ്ട് ആർച്ചറി ടീം ചരിത്രത്തിൽ ആദ്യമായി സ്വർണ്ണം നേടി. ദക്ഷിണ കൊറിയയിലെ ഗ്വാങ്ജുവിൽ നടന്ന ആവേശകരമായ ഫൈനലിൽ ഫ്രാൻസിനെയാണ് പരാജയപ്പെടുത്തിയത്.

*********************

## THAILAND NEW PM

തായ്‌ലൻഡിൽ പുതിയ പ്രധാനമന്ത്രിയായി അനുതിൻ ചരൻവിരാകുൽ അധികാരമേറ്റു. മുൻ പ്രധാനമന്ത്രി പായ്റ്റോങ്താൺ ഷിനവത്ര കോടതിവിധിയെ തുടർന്ന് പുറത്തായതിന് പിന്നാലെയാണ് അനുതിൻ സ്ഥാനമേൽക്കുന്നത്. മുതിർന്ന രാഷ്ട്രീയനേതാവും വ്യവസായിയുമാണ് അനുതിൻ.

*********************

## JAPAN PM RESIGN

ജപ്പാൻ പ്രധാനമന്ത്രി ഷിഗെരു ഇഷിബ രാജി വെച്ചു. ഭരണകക്ഷിയായ ലിബറൽ ഡെമോക്രാറ്റിക് പാർട്ടിക്കുള്ളിൽ പിളർപ്പ് ഒഴിവാക്കാനാണ് രാജിയെന്നാണ് സൂചന. ജൂലൈയിൽ നടന്ന തിരഞ്ഞെടുപ്പിൽ ഇഷിബയുടെ എൽ ഡി പി നേതൃത്വത്തിലുള്ള സഖ്യത്തിന് ഉപരിസഭയിൽ ഭൂരിപക്ഷം നഷ്ടപ്പെട്ടിരുന്നു.

*********************

## UNDER SEA CABLE-INTERNET-DISRUPTION

ചെങ്കടലിനടിയിലൂടെ കടന്നുപോകുന്ന ഇന്റർനെറ്റ് കേബിളിലെ തകരാർ ഇന്ത്യയുൾപ്പെടെ നിരവധി രാജ്യങ്ങളിൽ ഇന്റർനെറ്റ് സേവനങ്ങളെ ബാധിച്ചു. സൗദി

അറേബ്യ, പാകിസ്ഥാൻ, യു.എ.ഇ തുടങ്ങിയ രാജ്യങ്ങളിൽ സേവനങ്ങൾ തടസ്സപ്പെട്ടതായാണ് റിപ്പോർട്ട്. എന്നാൽ ഇന്ത്യയിലെ സേവനങ്ങളിൽ കാര്യമായ തടസ്സങ്ങളോ, പ്രശ്നങ്ങളോ ഉണ്ടായില്ലെന്ന് ടെലികോം ഓപ്പറേറ്റർമാർ വ്യക്തമാക്കി.

*********************

## IMD WEATHER

പടിഞ്ഞാറൻ രാജസ്ഥാനിലും ഗുജറാത്തിലും ഇന്ന് ശക്തമായ മഴക്ക് സാധ്യതയുള്ളതിനാൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ചുവപ്പ് ജാഗ്രത നിർദ്ദേശം നൽകി. കൊങ്കൺ, ഗോവ, മധ്യ മഹാരാഷ്ട്ര എന്നിവിടങ്ങളിലും കനത്ത മഴയ്ക്ക് സാധ്യതയുണ്ട്. ഉത്തരാഖണ്ഡ്, ഒഡിഷ, പശ്ചിമ ബംഗാൾ, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിലും കാലാവസ്ഥാ വകുപ്പ് മഴ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്.

*********************

## UTTARAKHAND-RAINS

ഉത്തരേന്ത്യയിൽ പ്രളയദുരിതം തുടരുന്നു. വിവിധ സംസ്ഥാനങ്ങളിൽ കനത്ത നാശനഷ്ടമാണുണ്ടായത്. പഞ്ചാബ്, ജമ്മു കശ്മീർ, ഹിമാചൽ പ്രദേശ് എന്നിവിടങ്ങളിൽ വ്യോമസേന ഹെലികോപ്റ്ററുകൾ ദുരിതാശ്വാസ പ്രവർത്തനങ്ങൾ തുടരുകയാണെന്ന് വ്യോമസേന വെസ്റ്റേൺ എയർ കമാൻഡ് പറഞ്ഞു. ഭാർമോർ-ചമ്പ സെക്ടറിൽ നിന്ന് 541 പേരെ ഒഴിപ്പിച്ചു.

*********************

## SCO TRADE MEETING

റഷ്യയിലെ വ്ളാഡിവോസ്റ്റോക്കിൽ നടന്ന എസ്.സി.ഒ. വ്യാപാര മന്ത്രിമാരുടെ യോഗത്തിൽ കേന്ദ്ര വാണിജ്യമന്ത്രിയെ പ്രതിനിധീകരിച്ച്, വാണിജ്യവകുപ്പ് അഡീഷണൽ സെക്രട്ടറി അമിതാഭ് കുമാർ പങ്കെടുത്തു. വിതരണ ശൃംഖല വൈവിധ്യവത്കരിക്കേണ്ടതിന്റെയും, ശക്തിപ്പെടുത്തേണ്ടതിന്റെയും ആവശ്യകത ഇന്ത്യ ഊന്നിപ്പറഞ്ഞു.

*

*********

*********************************